**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**തദ്ദേശ സ്വയംഭരണ വകുപ്പ്** ചിങ്ങവനം കുടിവെള്ള പദ്ധതി- പ്രവൃത്തിയുടെ വാല്യുവേഷൻ നടത്തി കരാറുകാരന് തുക നലകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================

**തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 3263 /2018 തിരുവനന്തപുരം, തീയതി, 29-12-2018

---

പരാമർശം (1) ശ്രീ ജോസ് പള്ളിക്കുന്നേൽ 01/11/2012 ൽ സമർപ്പിച്ച നിവേദനം

(2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07/11/2017 ലെ ഡിസി 6/5771/2012/സി ഇ/തസ്വഭവ നം കത്ത്

**<u>ഉത്തരവ്</u>**

കേരള വാട്ടർ അതോറിറ്റി നഷ്ടത്തിൽ നടത്തി വന്നിരുന്നതിനാൽ നാട്ടകം പഞ്ചായത്തിന് കൈമാറിയ " ചിങ്ങവനം റൂറൽ കുടിവെള്ള പദ്ധതി ", പ്രവൃത്തി പൂർത്തിയായതിന് ശേഷം, ശ്രീ ജോർജ്ജ് തോമസ് (കുറിച്ചി , നീലംപേരൂർ) എന്ന കരാറുകാരന് മുഴുവൻ പണവും നൽകാത്തതിനെ തുടർന്ന് പരാതിക്കാരൻ നിരന്തരം പഞ്ചായത്തിനെയും എഞ്ചിനീയറിങ്ങ് വിഭാഗത്തിലെ ഉദ്യോഗസ്ഥരെയും സമീപിച്ചുവെങ്കിലും കൃത്യമായ ഫയൽ ലഭ്യമല്ല എന്ന കാരണം പറഞ്ഞ് തുക അനുവദിക്കാതെയിരുന്നു.

(2) സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ, ടി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും അസിസ്റ്റന്റ് എഞ്ചിനീയറുടെയും ഓവർസീയറുടെയും സാന്നിദ്ധ്യത്തിലാണ് ചെയ്തിട്ടുള്ളതെന്ന് ബോധ്യപ്പെടുകയുണ്ടായി. സ്ഥലപരിശോധനയിൽ പ്രവൃത്തി നടന്നതായും, കുടിവെള്ള പദ്ധതി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നതായും, ഗുണഭോക്താക്കൾ പദ്ധതിയിൽ സംതൃപ്തരാണെന്ന് കാണുകയുമുണ്ടായി . പദ്ധതിയുടെ രേഖകൾ നഷ്ടപ്പെടുത്തിയതിന് ശേഷം , പദ്ധതി നിർവ്വഹിക്കപ്പെട്ടിട്ടില്ല എന്ന് അവകാശപ്പെടുന്നതിന്റെ യുക്തിരാഹിത്യം ചൂണ്ടിക്കാട്ടി , വിശദമായ പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി പദ്ധതി നിർവഹിക്കപ്പെട്ടതായും , ഇപ്പോൾ സുഗമമായി പ്രവർത്തിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട് . 5 മീറ്റർ വ്യാസവും 8 മീറ്റർ താഴ്ചയുമുള്ള ഓപ്പൺ വെല്ലിൽ നിന്നുള്ള കുടിവെള്ളം ഫിൽട്ടർ ചെയ്ത് കോട്ടയം നഗരസഭയിലെ നാട്ടകം സോണൽ ഓഫീസ് പരിധിയിൽ വരുന്ന 36ാം വാർഡിലെ 500 ഓളം കുടുംബങ്ങൾക്ക് ലഭിക്കുന്നതായും വരൾച്ച സമയത്ത് കുടിവെള്ളം ലഭിക്കുന്നതിന്

Scanned by CamScanner

ചിങ്ങവനം പമ്പ് ഹൗസിൽ നിന്നും ഒന്നരകിലോമീറ്റർ അകലെയുള്ള പുഴക്കര കടവിൽ നിന്നുള്ള ജലം പമ്പ് ചെയ്ത് ചിങ്ങവനം പമ്പ് ഹൗസിൽ എത്തിച്ച് ഫിൽട്ടർ ചെയ്ത് ജലവിതരണം നടത്തിവരുന്നതായും നിലവിൽ ചിങ്ങവനം കുടിവെള്ള പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നതായും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാർട്ട് ബിൽ നല്കിയ ശേഷം നടത്തിയ പ്രവൃത്തികൾക്ക് തുക നൽകുന്നതിനായി പ്രവൃത്തിയുടെ വാല്യുവേഷൻ എടുക്കേണ്ടതുണ്ടെന്നും ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം പരിശോധിച്ചു. കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ സൂക്ഷിക്കാൻ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ അത് ചെയ്യാതെ , തെറ്റായ വിവരങ്ങൾ സർക്കാരിനും അന്വേഷണ ഉദ്യോഗസ്ഥർക്കും നൽകി. പ്രവൃത്തിയുടെ അളവുകൾ എം ബുക്കിൽ രേഖപ്പെടുത്താത്തതും പേയ്മെന്റ് നൽകാനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ചയാണ്. പമ്പ് ഹൗസിൽ നിന്ന് വാട്ടർ ടാങ്കിലേക്കുള്ള മെയിൻ പൈപ്പ് ലൈനുകളും മറ്റും ടാറിങ്ങ് ചെയ്ത റോഡിനടിയിലായതിനാൽ ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തതു പോലെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സർക്കാർ അംഗീകൃത ഏജൻസി മുഖേന, പ്രവൃത്തിയുടെ വാല്യുവേഷൻ നടത്തുന്നതിനും, പ്രസ്തുത മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകുന്നതിനും, ആവശ്യമായ തുക കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതിനും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**വി എസ് സന്തോഷ്**

ഗവൺമെന്റ് അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, കോട്ടയം നഗരസഭ
ശ്രീ ജോർജ്ജ് തോമസ്,കുറിച്ചി , നീലംപേരൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട് ,തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ് , തിരുവനന്തപുരം
(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner